**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*218.** **12.03.2020 ൽ മറുപടിയ്ക്ക്**

**മദ്യാസക്തി കുറയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.റോജി എം. ജോൺ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ബോധവൽക്കരണത്തിലൂടെയും ലഹരി വർജ്ജന ആശയങ്ങളുടെ പ്രചരണത്തിലൂടെയും സംസ്ഥാനത്തെ ജനങ്ങളുടെ മദ്യാസക്തി കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | ചെറുപ്പക്കാർക്കിടയിലെ ലഹരി ഉപയോഗവും, ആദിവാസി/തീരദേശ മേഖലകളിലെ ഗണ്യമായ തോതിലെ മദ്യ ഉപയോഗവും കുറയ്ക്കുന്നതോടൊപ്പം, മദ്യത്തിന് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. മദ്യം/ലഹരി ഉപയോഗിച്ചു തുടങ്ങിയിട്ടില്ലാത്ത വിദ്യാർത്ഥി/ യുവജനങ്ങൾക്കിടയിൽ മദ്യ/ലഹരി വസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളെപ്പറ്റി ബോധവാന്മാരാക്കി അവരെ മദ്യ/ലഹരി ഉപയോഗത്തിലേയ്ക്ക് നയിക്കുന്നതിൽ നിന്നും പൂർണ്ണമായും തടയുന്നതിനുള്ള ലഹരി വർജ്ജന ആശയങ്ങൾ വിദ്യാർത്ഥി/യുവജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനും ജാഗ്രതയോടുകൂടിയ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിനൊപ്പം സമാന്തര വ്യാജമദ്യ വില്പന അവസാനിപ്പിക്കുന്നതിനും, മയക്കുമരുന്ന് ഉപയോഗം പൂർണ്ണമായി തടയുന്നതിനും ഉതകുന്ന വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br>ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ച് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, റസിഡന്റ്സ് അസ്സോസ്സിയേഷനുകൾ, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, |

| | | | |
|---|---|---|---|
| | | | എൻ.എസ്.എസ്. എൻ.സി.സി., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, സാമൂഹിക-സാംസ്കാരിക പ്രവർത്തകർ എന്നിവയടക്കം പൊതുജന പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. സംസ്ഥാനത്തുടനീളം വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രസ്തുത ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നിരന്തരം ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകൾ ഉൾപ്പെടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു. വിവിധ ആഘോഷങ്ങളുമായി ബന്ധപ്പെട്ട് ലഹരിയുടെ ദൂഷ്യവശങ്ങൾ പ്രതിപാദിക്കുന്ന ബോധവത്കരണ പവലിയനുകൾ, ഫ്ളോട്ടുകൾ എന്നിവ തയ്യാറാക്കി അവതരിപ്പിച്ചു വരുന്നു. "നാളത്തെ കേരളം ലഹരിമുക്ത നവകേരളം" എന്ന തീവ്ര യത്ന ബോധവൽക്കരണ പരിപാടി 2019 നവംബർ 1 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>ഇതിന്റെ ഭാഗമായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും, 917 പഞ്ചായത്തുകളിലും, 87 മുനിസിപ്പാലിറ്റികളിലും, 6 കോർപ്പറേഷനുകളിലും, വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനം നടത്തി വരുന്നു. നവംബർ 14 ന് 23 ലക്ഷത്തോളം വിദ്യാർത്ഥികൾ ലഹരിവിരുദ്ധ ബാഡ്ജ് ധരിച്ചിട്ടുള്ളതും. ഡിസംബർ 4 ന് വിദ്യാർത്ഥികൾ ലഹരിവിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുള്ളതുമാണ്. 131 വോളന്റിയർമാർക്ക് മാസ്റ്റർ ട്രെയിനിംഗ് നൽകി. സംസ്ഥാനത്ത് പുതുതായി 1404 സ്കൂൾ ക്ലബ്ബും, 392 കോളേജ് ക്ലബ്ബും 1794 ഗ്രന്ഥശാലാ ക്ലബ്ബും രൂപീകരിച്ചു സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉദ്യോഗസ്ഥർ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തിട്ടുള്ളതാണ്. കേരളത്തിൽ അങ്ങോളമിങ്ങോളം ലഹരിക്കെതിരെ ദീപം തെളിയിക്കൽ-വിമുക്തി ജ്വാല സംഘടിപ്പിച്ചു. ലഹരിക്കെതിരെ ജനപങ്കാളിത്തത്തോടെ റാലികൾ, സൈക്ലത്തോൺ, ബൈക്കത്തോൺ, വാക്കത്തോൺ, എന്നിവ നടത്തി 40075 കിലോമീറ്റർ ദൂരം പൂർത്തീകരിച്ചിട്ടുള്ളതാണ്. വിമുക്തി ബോധവൽക്കരണ വാഹനം കേരള പര്യടനം |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കി. നവമാധ്യമങ്ങൾ ഉൾപ്പെടെയുളള വിവിധ മാധ്യമങ്ങളിൽ ബോധവൽക്കരണ സന്ദേശ പ്രചരണം നടത്തി. വിവിധ സാംസ്കാരിക പരിപാടികൾ വഴിയും വിമുക്തി സന്ദേശം നൽകിയിട്ടുളളതാണ്. |
| (ബി) | പ്രസ്തുത നടപടികൾ മൂലം സമൂഹത്തിൽ മദ്യാസക്തി കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇക്കാര്യത്തിൽ പഠനങ്ങൾ നടത്തിയിട്ടില്ല. |
| (സി) | സർക്കാരിന്റെ അടുത്ത വർഷത്തെ മദ്യനയം അംഗീകരിച്ചിട്ടുണ്ടോ; അത് മദ്യവർജ്ജനമെന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന് എത്രമാത്രം സഹായകമാണെന്ന് വിശദമാക്കുമോ? | (സി) | സർക്കാരിന്റെ 2020-2021 വർഷത്തേക്കുളള മദ്യനയം 27.02.2020 തീയതിയിൽ ജി.ഒ (എം.എസ്) 22/2020/നി.വ നമ്പർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം മദ്യവർജ്ജന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി പ്രഖ്യാപിച്ചിട്ടുളള മദ്യനയങ്ങളുടെ തുടർച്ചയാണ് അടുത്ത സാമ്പത്തിക വർഷവും സർക്കാർ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നത്. |

(signature)

**സെക്ഷൻ ഓഫീസർ**